## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1068.** **30.01.2019 ൽ മറുപടിയ്ക്ക്**

## ലഹരിയുല്പന്നങ്ങളുടെ വിപണനവും ഉപയോഗവും തടയൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കെ.ജെ.മാക്സി** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ലഹരിയുല്പന്നങ്ങളുടെ വിപണനവും ഉപയോഗവും തടയുവാനായി സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തൊട്ടാകെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും എക്സൈസ് സ്പെഷ്യൽ സ്ക്വാഡുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നു. അയൽ സംസ്ഥാനങ്ങളിൽ നിന്നും നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെൻറ് വിഭാഗങ്ങളുമായി സഹകരിച്ചുവരുന്നതും വിവരങ്ങൾ പരസ്പരം കൈമാറി നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെൻറ് വിഭാഗങ്ങളുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെൻറ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായും ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തി വരുന്നുണ്ട്. |

(ബി) കഴിഞ്ഞ 3 വർഷങ്ങളിൽ എത്ര തുകയുടെ ലഹരിയുല്പന്നങ്ങൾ പിടികൂടിയെന്നും എത്ര കേസ്സുകൾ വീതം രജിസ്റ്റർ ചെയ്തുവെന്നും വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി)

| ഇനം | 2016 | 2017 | 2018 |
|---|---|---|---|
| പിടികൂടിയ ലഹരി ഉൽപ്പന്നങ്ങളുടെ വില | 200 കോടി | 300 കോടി | 650 കോടി |
| രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | 35259 | 50089 | 79350 |

(സി) പ്രസ്തുത വർഷങ്ങളിൽ ഓരോ വർഷവും സ്കൂളുകൾ, കോളേജുകൾ ഉൾപ്പെടെ കുട്ടികൾക്ക് ലഹരി ഉല്പന്നങ്ങൾ വിപണനം നടത്തിയ എത്ര കടക്കാരെയും മറ്റുള്ളവരേയും പിടികൂടി; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; വിശദാംശം ലഭ്യമാക്കുമോ;

(സി)

| ഇനം | 2016 | 2017 | 2018 |
|---|---|---|---|
| കുട്ടികൾക്ക് ലഹരി ഉല്പന്നങ്ങൾ വിപണനം നടത്തിയതിന് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | 2409 | 3067 | 2474 |
| ടി കേസ്സുകളിൽ പിടികൂടിയവരുടെ എണ്ണം | 1098 | 1815 | 1884 |

(ഡി) ലഹരിക്കടിമപ്പെട്ടവരെ മോചിപ്പിക്കാനായി എക്സൈസ് വകുപ്പ് ആരോഗ്യ വകുപ്പും മറ്റ് വകുപ്പുകളുമായി ചേർന്ന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു; വിശദാംശം ലഭ്യമാക്കുമോ?

(ഡി) ലഹരിക്ക് അടിമപ്പെട്ടവരെ സാധാരണ ജീവിതത്തിലേക്ക് തിരികെയെത്തിക്കുന്നതിനായി "വിമുക്തി" മിഷന്റെ ആഭിമുഖ്യത്തിൽ ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് എല്ലാ ജില്ലകളിലുമായി 14 സർക്കാർ ആശുപത്രികളിൽ ഡീ- അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ ടോൾ ഫ്രീ നമ്പറിലുള്ള ടെലഫോൺ വഴിയും ആവശ്യമെങ്കിൽ നേരിട്ടും കൗൺസിലിങ് ലഭ്യമാക്കുന്ന തരത്തിൽ ഉത്തര-മധ്യ-ദക്ഷിണ മേഖലകളിലായി മൂന്ന് കൗൺസിലിംഗ് സെന്ററുകൾ ആരംഭിച്ചിട്ടുമുണ്ട്.

**സെക്ഷൻ ഓഫീസർ**